LIBRARY ARCHIVES Kerala Legislative Assembly

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

20 (401) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ വികസന ഏജൻസികളിൽ ദീർഘനാളായി കുടിശ്ശികയായി കിടക്കുന്ന വായ്പകൾ ഒറ്റത്തവണ തീർപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് കേരള ബാങ്കിൽ ഉണ്ടായിരുന്ന ക്യാഷ് ക്രെഡിറ്റ് കുടിശ്ശിക തീർപ്പാക്കുന്നതിനായി, കയർ കടാശ്വാസ പദ്ധതി പ്രകാരം Rs.17,02,50,874 (പതിനേഴ് കോടി രണ്ട് ലക്ഷത്തി അമ്പതിനായിരത്തി എണ്ണൂറ്റി എഴുപത്തിനാല് രൂപ മാത്രം) 15-1-2021-ലെ സ.ഉ (എം.എസ്.) നമ്പർ 11/2021/വ്യവ. പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കുടിശ്ശികയായ വായ്പകൾ തീർപ്പാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. OTS Amnesty പദ്ധതി പ്രകാരം 31-12-2021 വരെ വായ്പാ കുടിശ്ശിക അടയ്ക്കുന്നതിന് സൗകര്യമുണ്ടായിരിക്കും. കാഡ്കോയിൽ 2018-ൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കുടിശ്ശികയായി കിടന്ന വായ്പകൾ തീർപ്പാക്കിയിരുന്നു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ പാറ്റേൺ, സി.ബി.സി. പദ്ധതികൾ പ്രകാരം നൽകിയിട്ടുള്ള വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്. ഇതുപ്രകാരം പലിശ ഒഴിവാക്കുന്നതാണ്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകൾക്ക് ബാദ്ധ്യതയായി നൽകാനുണ്ടായിരുന്ന തുക 80 കോടി രൂപ, ബാങ്കുകൾക്ക് നൽകി ഒറ്റത്തവണയായി തീർപ്പാക്കിയിട്ടുണ്ട്.

**മസാല ബോണ്ട് വഴി കിഫ്ബി സമാഹരിച്ച തുക**

21 (402) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാല ബോണ്ട് വഴി കിഫ്ബി സമാഹരിച്ച തുക എത്രയാണ്; ഇതിന്റെ പലിശനിരക്ക് എത്രയാണ്; വ്യക്തമാക്കാമോ?

2,150 കോടി രൂപയാണ് മസാല ബോണ്ട് വഴി കിഫ്ബി സമാഹരിച്ചത്. ഇതിന്റെ പലിശ നിരക്ക് 9.723% ആണ്.

(ബി) കൊച്ചി മെട്രോയ്ക്കുവേണ്ടി 2011-2016-ലെ സർക്കാർ ഫ്രഞ്ച് കമ്പനിയായ എ.എഫ്.ഡി. യിൽനിന്നും കടമെടുത്ത തുക എത്രയാണ്; പലിശനിരക്ക് എത്രയാണ്; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി മെട്രോയ്ക്കുവേണ്ടി ഫ്രഞ്ച് കമ്പനിയായ എ.എഫ്.ഡി.യിൽ നിന്നും 180 മില്യൺ യൂറോ വായ്പയെടുക്കുന്നതിനുള്ള എഗ്രിമെന്റ് 2014 ഫെബ്രുവരി മാസം 7-ാം തീയതി കേന്ദ്ര സർക്കാർ ഒപ്പുവച്ചു. ഇതനുസരിച്ച് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് 1,327.11 കോടി രൂപ (180 മില്യൺ യൂറോ) കേന്ദ്ര സർക്കാരിൽനിന്നും പാസ് ത്രൂ അസിസ്റ്റൻസായി 2014 മുതൽ 2017 വരെ ലഭിച്ചു. വായ്പയുടെ മൊത്തം കാലാവധി ഫെബ്രുവരി 2014 മുതൽ മാർച്ച് 2039 വരെയാണ്. ഇതിൽ അഞ്ചു വർഷം ഗ്രെയ്സ് പിരീഡും 20 വർഷം തിരിച്ചടവ് കാലാവധിയും (സെപ്റ്റംബർ 2019 മുതൽ മാർച്ച് 2039 വരെ) ആണ്. ഈ ലോണിന്റെ പലിശ നിരക്ക് ഓരോ ആറ് മാസവും വ്യതിചലിക്കുന്നതാണ്. ഇത് 6 Months EURIDOR + 1.55% p.a (Margin) എന്ന നിരക്കിലാണ്. (വായ്പാ കരാറിന്റെ പ്രസ്തുത പേജുകളും KMRL-ന്റെ വാർഷിക റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങളും അനുബന്ധത്തോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു).* കേന്ദ്രസർക്കാർ മുഖേന ലഭ്യമാക്കിയ ഈ ലോണിന് വിദേശനാണ്യ വിനിമയ നിരക്കിന്റെ ബാദ്ധ്യത (ഫോറിൻ എക്സ്ചേഞ്ച് റിസ്ക്) KMRL കമ്പനിക്ക് വരില്ലായെങ്കിലും ഈ വായ്പ സംബന്ധിച്ച ഉടമ്പടിയുടെ സെക്ഷൻ 12.1 പ്രകാരം ഇത് കേരള സർക്കാരിന്റെ ബാധ്യതയാണ്. KMRL അവർക്ക് ലഭിച്ച തുക ഇന്ത്യൻ രൂപയിൽ കേന്ദ്ര സർക്കാരിന് നൽകുന്നു. എന്നാൽ വായ്പാ തിരിച്ചടവ് പൂർത്തിയായശേഷം കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ വിദേശനാണ്യവിനിമയ നിരക്കിലെ വ്യതിയാനം കണക്കുകൂട്ടി "8680- Miscellaneous Government Accounts" എന്ന ശീർഷകത്തിലേയ്ക്ക് കണക്കുവയ്ക്കുന്നു. ഈ തുക തിരിച്ചടക്കേണ്ട ബാധ്യത കേരള സർക്കാരിനാണ്. കിഫ്ബിയുടെ മസാല ബോണ്ടും കൊച്ചി മെട്രോ AFD മുഖേന സമാഹരിച്ച വായ്പയുടെയും തമ്മിലുള്ള അടിസ്ഥാന വ്യത്യാസങ്ങളും ഗുണദോഷണങ്ങളും അനുബന്ധമായി ചേർക്കുന്നു*. ലളിതമായി പറഞ്ഞാൽ കഴിഞ്ഞ 15 വർഷത്തെ യൂറോയ്ക്കെതിരെയുള്ള രൂപയുടെ വിലയിടിവ് പരിഗണിച്ചാൽ കൊച്ചിൻ മെട്രോയ്ക്കെടുത്ത 1,327.11 കോടി രൂപയുടെ 1.55 ശതമാന നിരക്കിലുള്ള ലോൺ തിരിച്ചടയ്ക്കാൻ സർക്കാർ ചെലവാക്കേണ്ടിവരുന്നത് 3,327.11 കോടി രൂപയാണ്. കിഫ്ബിയുടെ 2,150 കോടി രൂപയുടെ മസാല ബോണ്ട് തിരിച്ചടയ്ക്കാൻ സർക്കാർ ചെലവാക്കേണ്ടി വരുന്നത് 3,195.22 കോടി രൂപ (2,150 കോടി രൂപ മുതലും 1,045.22 കോടി രൂപ പലിശയും).

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.